തിരുവനന്തപുരം-പുതുക്കുറിച്ചി റൂട്ടിലെ ബസ്സുകൾ

1267. [1732] ശ്രീ. എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-പുതുക്കുറിച്ചി റൂട്ടിൽ (ചാന്നാങ്കര വഴി) ഓടുന്ന ബസ്സുകൾ കൃത്യമായി സർവ്വീസ് നടത്താറില്ലെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുസ്ലീം ഹൈസ്കൂൾ, കണിയാപുരം, വിൻസെന്റ് ഹൈസ്കൂൾ പടിഞ്ഞാറുമുക്ക്, ഹൈസ്കൂൾ പുത്തൻകുറുച്ചി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ധാരാളം വിദ്യാർത്ഥികളും അദ്ധ്യാപകരും മറ്റ് ഉദ്യോഗസ്ഥൻമാരും യാത്ര ചെയ്യുന്ന ഈ റൂട്ടിൽ ക്യാൻസലേഷൻ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) വർഷങ്ങളായി സർവീസ് നടത്തിക്കൊണ്ടിരുന്ന തിരുവനന്തപുരം-ചാന്നാങ്കര ബസ് സർവീസ് ക്യാൻസൽ ചെയ്തത് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുകഴിഞ്ഞു.

(സി) ഈ സർവീസ് ക്യാൻസൽ ചെയ്തിട്ടില്ല.

കെ. എസ്. ആർ. ടി. സി. യുടെ പഴക്കമുള്ള ബസ്സുകൾ

1268. [1733] ശ്രീ. ഇ. പത്മനാഭൻ :
,, എ. കെ. പത്മനാഭൻ :
,, ടി. കെ. ഹംസ :
,, കെ. ജെ. ജോർജ് :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ സർവീസ് നടത്തുന്ന 20 വർഷം പഴക്കമുള്ള എത്ര ബസ്സുകൾ ഉണ്ട് ;

(ബി) 15 വർഷം തികഞ്ഞ ബസ്സുകൾ എത്ര ;

(സി) 10 വർഷം തികഞ്ഞ ബസ്സുകൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly